150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: മഹാത്മാഗാന്ധി സർവകലാശാല അനധ്യാപക ജീവനക്കാർക്ക് അധ്യാപക നിയമനത്തിനുള്ള പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് നൽകുന്നത് നിരസിച്ചുകൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം -ഉത്തരവ് ഭേദഗതി ചെയ്ത് -പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5052/AD A 2/2019/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2019

---

പരാമർശം:-1. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ളോയീസ് അസോസിയേഷൻ 29.11.2016-ൽ സമർപ്പിച്ച അപേക്ഷ.

2. 17.07.2019 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നം.91/19.06/171389

3.യു.ഓ.നം. 3836/എഡി എ 2/ 2019 തീയതി. 06.08.2019.

**ഉത്തരവ്**

സർവകലാശാലയിലെ അനധ്യാപക തസ്തികയിലുള്ള യോഗ്യരായ ജീവനക്കാർക്ക് അധ്യാപകതസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ടി ജീവനക്കാർക്ക് സർവകലാശാലയിലെ അധ്യാപകതസ്തികകളിലേയ്ക്ക് അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. മഹാത്മാഗാന്ധി സർവകലാശാല അനധ്യാപക ജീവനക്കാർക്ക് അധ്യാപകനിയമനത്തിനുള്ള പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് നൽകുന്നത് നിയമപരമായി അനുവദനീയമല്ലാത്തതിനാൽ 17.07.2019 -നു ചേർന്ന സിൻഡിക്കേറ്റ് യോഗം, പരാമർശം (2) പ്രകാരം, പ്രസ്തുത അപേക്ഷ നിരസിക്കുവാൻ തീരുമാനമായതനുസരിച്ച് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷയുടെ തീയതി 29.11.2016 എന്നതിന് പകരം 29.11.2019 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ആയതു 29.11.2016 എന്ന് തിരുത്തി ഉത്തരവ് ഭേദഗതി ചെയ്യുവാൻ രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

മേൽ ഭേദഗതികളോടെ സൂചന(3) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാരീസ് പി വൈ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 28080/AD A2/1/2019/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 21-Oct-2019 12:40 PM - Page 1

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ജനറൽ സെക്രട്ടറി,മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ.
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ.
4. ACC
5. IQAC/CMS/Records.
6.ജെ.ഡി. , കെ.എസ്.എ.ഡി.
7.ഓഡിറ്റ് സെക്ഷൻ/എ.ഡി.ഡി.
8.സ്റ്റോക്ക് ഫയൽ.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 28080/AD A2/1/2019/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 21-Oct-2019 12:40 PM - Page 2